## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3196 — 13.10.2011-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.കെ.ബാബു (എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) | |
| (എ) | ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ; | (എ) | 01.10.2011-ലെ കണക്ക് പ്രകാരം, 1075 പേർ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ, ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരുന്നു. |
| (ബി) | ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഇവർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | (ബി) | വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (സി) | ഇവർക്ക് നൽകുന്ന ശമ്പളം എത്ര രൂപയാണ് ; പ്രത്യേക ആനുകൂല്യങ്ങൾ എന്തെങ്കിലും നൽകുന്നുണ്ടോ ; | (സി) | മാതൃസ്ഥാപനത്തിൽ ലഭിക്കുന്ന അതേ നിരക്കിലുള്ള ശമ്പളമാണ് ഇവർക്ക് നൽകുന്നത്. കോർപ്പറേഷന്റെ വിദേശമദ്യ ഷോപ്പുകളിൽ ജോലി ചെയ്യുന്നവർക്ക്, വൈകുന്നേരം 5 മണി മുതൽ രാത്രി 9 മണി വരെ അധിക സമയം ജോലി ചെയ്യേണ്ടി വരുന്നതു കൊണ്ട്, അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി ഒരു ഡി.എ., അലവൻസ് ഇനത്തിൽ നൽകുന്നുണ്ട്. |
| (ഡി) | കോർപ്പറേഷനിൽ സ്ഥിരം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | ഉണ്ട്. വിശദാംശം അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു. |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.